**വിശ്രംഭേണാത്മശൌചേന ഗൌരവേണ ദമേന ച**
**ശുശ്രൂഷയാ സൌഹൃദേന വാചാ മധുരയാ ച ഭോ: (3-23-2)**
**വിസൃജ്യ കാമം ദംഭം ച ദ്വേഷം ലോഭമഘം മദം**
**അപ്രമത്തോദ്യതാ നിത്യം തേജീയാംസമതോഷയത് (3-23-3)**
**സംഗോ യസ്സംസൃതേർഹേതുരസത്സു വിഹിതോƒധിയാ**
**സ ഏവ സാധുഷു കൃതോ നിസ്സംഗത്വായ കൽപ്പതേ (3-23-55)**

മൈത്രേയമുനി തുടർന്നു:
ദേവഹൂതി തൻെറ ഭർത്താവിനോട് അങ്ങേയറ്റത്തെ ഭക്തിയുള്ളവളും അദ്ദേഹത്തിൻെറ മനസ്സറിഞ്ഞ് ഭക്തിയോടെ ജീവിക്കുന്നവളുമായിരുന്നു. കാമം, ക്രോധം, വെറുപ്പ്, അത്യാഗ്രഹം, പാപം, പൊങ്ങച്ചം ഇവയുടെ കളങ്കമേശാതെ ആത്മീയപ്രഭാപൂരിതനായ സ്വഭർത്താവിനെ സദാജാഗരൂകയായി സേവിച്ചു. പാതിവ്രത്യം, പവിത്രത, സദ്ഗുണസമ്പന്നത, മനോനിയന്ത്രണം, സേവനം, സ്നേഹം, മധുരോക്തികൾ എന്നിവകളാൽ ദേവഹൂതി കർദ്ദമമുനിയെ ഭക്ത്യാദരവോടെ പരിചരിച്ചു. സമയം കടന്നുപോയി. ദേവഹൂതി ക്ഷീണിതയും ദുർബ്ബലയുമായി. മുനി അതു മനസ്സിലാക്കി അവളോടുള്ള തൻെറ സ്നേഹവായ്പ്പും ഇങ്ങിനെ വെളിപ്പെടുത്തി. “നിൻെറ പരിചരണവും ഭക്തിയും എനിക്കേറ്റവും സംതൃപ്തിയേകുതാണ്. നിനക്ക് അതീന്ദ്രിയമായ കാഴ്ചയുണ്ടാകാൻ ഞാൻ അനുഗ്രഹിക്കുന്നു. ഞാൻ തപസ്സുകൊണ്ടു നേടിയ ശക്തികളെല്ലാം നിനക്കുകൂടി അവകാശപ്പെട്ടതത്രെ. കാരണം നിൻെറ ഭക്തിയും പ്രേമവും അങ്ങിനെയുള്ളതാണല്ലോ.”

ദേവഹൂതി പറഞ്ഞു: “നാഥാ, അങ്ങയ്ക്ക് പലേവിധ യോഗശക്തികളും ഉണ്ടെന്ന് എനിക്കറിയാം. അങ്ങയെ ഭർത്താവായിക്കിട്ടി സേവിക്കാനിടയായതിനാൽ ഞാൻ അതീവ ഭാഗ്യവതി തന്നെ. ഇനി അങ്ങയുടെ വാക്കുനിറവേറ്റാൻ എനിക്ക് സന്താനഭാഗ്യംകൂടി കനിഞ്ഞേകിയാലും. അങ്ങയുടെ വരും തലമുറകൾ എന്നിലൂടെയാകട്ടെ.”

കർദ്ദമമുനി തൻെറ യോഗശക്തിയാൽ കമനീയമായ ഒരാകാശക്കൊട്ടാരം നിർമ്മിച്ചു. നിർമ്മിതിയിലും ഭംഗിയിലും ആ പറക്കുംകൊട്ടാരം അതിവിശിഷ്ഠമായിരുന്നു. എന്നിട്ട് ദേവഹൂതിയോട് ദിവ്യമായ ഒരു തടാകത്തിലിറങ്ങി കുളിക്കാൻ നിർദ്ദേശിച്ചു. ആശകളെല്ലാം സഫലമാക്കാൻ കഴിവുള്ളതത്രേ ഈ പൊയ്ക. വെള്ളത്തിലിറങ്ങവേ ദേവഹൂതിക്ക് തോഴികളായി വന്നത് അപ്സരകന്യകമാർ തന്നെയായിരുന്നു. അവരവളെ കുളിപ്പിച്ച് ആടയാഭരണങ്ങൾ അണിയിച്ചൊരുക്കി. തൻെറ നാഥനെ സ്മരിച്ചമാത്രയിൽ ദേവഹൂതി കർദ്ദമസമീപത്തെത്തുകയും ചെയ്തു. കർദ്ദമൻ തൻെറ ഭാര്യയിൽ യൗവനകാന്തിയും പ്രസരിപ്പും വീണ്ടുകിട്ടിയതായി കണ്ടു. പറക്കുംകൊട്ടാരത്തിൽ അവളേയും കയറ്റി കർദ്ദമൻ ലോകസഞ്ചാരം നടത്തി. നാനാദിക്കുകളിലുള്ള വിവിധ രാജ്യങ്ങൾ സഞ്ചരിച്ചു ചുറ്റിക്കണ്ടു. സുഖോദ്യാനങ്ങളിൽ പലതിലുമവർ ചുറ്റിനടന്നു സമയം ചിലവഴിച്ചു. കർദ്ദമൻെറ ഭഗവൽപ്രേമവും ദേവഹൂതിയുടെ ഭർത്തൃപ്രേമവും കൊണ്ടാണ് ഇതെല്ലാം സാദ്ധ്യമായത്. അവർ പർണ്ണശാലയിലേക്കു മടങ്ങി. സന്താനങ്ങൾക്ക് വേണ്ടിയുള്ള ദേവഹൂതിയുടെ ആഗ്രഹം പൂർത്തീകരിക്കാൻ മുനി തീരുമാനിച്ചു. ആത്മസാക്ഷാത്ക്കാരം നേടിയ മുനി, ദേവഹൂതിയെ തൻെറതന്നെ ഭാഗമായിക്കണ്ട് സ്വയം ഒൻപതായി ഒൻപതു പെൺകുട്ടികളെ ദേവഹൂതിക്ക് നൽകി. പ്രസവം കഴിഞ്ഞയുടനെ സന്യാസവൃത്തിക്കായി പുറപ്പെടാനൊരുങ്ങിയ കർദ്ദമനോട് ദേവഹൂതി ഒരു പുത്രനെക്കൂടി വേണമെന്നാവശ്യപ്പെട്ടു. “മാമുനേ, അങ്ങയുടെ പുത്രിമാർ എല്ലാവരും നാളെ എന്നെവിട്ട് ഭർതൃഗൃഹ ങ്ങളിലേക്കു പോകുമല്ലോ. പിന്നെ എന്നെ നോക്കാൻ ആരുമില്ല. ഭൗതികലോകസുഖങ്ങൾ എല്ലാം ആവോളം ഞാൻ അനുഭവിച്ചിരിക്കുന്നു. എങ്കിലും അജ്ഞാനത്തോടുള്ള അടുപ്പം ഒരുവളെ ജനനമരണചക്രത്തിൽ ബന്ധിച്ചിടുന്നു എന്നു ഞാനറിയുന്നു. എന്നാൽ ദിവ്യപുരുഷന്മാരുമായുള്ള അടുപ്പം മുക്തിദായകമത്രേ. വിരസമായ ജീവിത ബന്ധനത്തിൽനിന്നുള്ള മോചനമാണ് ഞാനാഗ്രഹിക്കുന്നുത്. എനിക്ക് ഭയത്തിൽനിന്നു മോചനംനൽകി അനുഗ്രഹിച്ചാലും. ”